## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3655 — 30.01.2014-ൽ മറുപടിക്ക്.

## തെന്മല പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തെന്മല പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | : | എ) 24.10.2013-ലെ ജി.ഒ (എം.എസ്) നമ്പർ 467/13/റവന്യൂ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ തെന്മലയിലുള്ള പുറമ്പോക്ക് ഭൂമി തെന്മല പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. |
| ബി) ഇതിനുള്ള ഭരണാനുമതി നൽകുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ; | | ബി) ഭൂമി ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കെ.പി.എച്ച്.സി.സി-യെ ആണ് കെട്ടിട നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| സി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം ഏതെന്ന് വ്യക്തമാക്കുമോ? | | സി) കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ തെന്മല വില്ലേജിൽ സർവ്വേ നമ്പർ 1/5 -ൽപ്പെട്ട 10.12 ആർ റവന്യൂ പുറമ്പോക്ക് ഭൂമിയാണ് തെന്മല പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം. |

സെക്ഷൻ ഓഫീസർ